**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 127** | **02-02-2024 - ൽ മറുപടിയ്ക്ക്**

**അന്താരാഷ്ട്ര കായിക ഉച്ചകോടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ,<br>ശ്രീ. എ. സി. മൊയ്തീൻ ,<br>ശ്രീ . കെ .ഡി .പ്രസേനൻ ,<br>ഡോ. സുജിത് വിജയൻപിള്ള | | ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | കായിക രംഗത്ത് ആഗോള പങ്കാളിത്തവും നിക്ഷേപവും ലക്ഷ്യമിട്ട് അന്താരാഷ്ട്ര കായിക ഉച്ചകോടി നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഇതിൽ എത്ര രാജ്യങ്ങളിൽ നിന്നുള്ള പ്രതിനിധികൾ പങ്കെടുക്കുന്നുണ്ടെന്നും ഉച്ചകോടിയുടെ ഭാഗമായി എന്തെല്ലാം അനുബന്ധ പരിപാടികളാണ് സംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നതെന്നും വിശദമാക്കുമോ; | (എ) | കായിക രംഗത്ത് ആഗോള പങ്കാളിത്തവും നിക്ഷേപവും ലക്ഷ്യമിട്ട്, കേരളത്തിലെ കായികലോകത്തിന് പുത്തനുണർവും ദിശാബോധവും നൽകി കൊണ്ട് 2024 ജനുവരി 23 മുതൽ 26 വരെ കാര്യവട്ടം ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിൽ അന്താരാഷ്ട്ര കായിക ഉച്ചകോടി സംഘടിപ്പിക്കുകയുണ്ടായി. ഇന്ത്യയിൽ തന്നെ ആദ്യമായി ഒരു സംസ്ഥാനം സംഘടിപ്പിക്കുന്ന കായിക ഉച്ചകോടിയിൽ കായിക സാമ്പത്തിക വ്യവസ്ഥയിലൂന്നിയുള്ള നിരവധി സെഷനുകൾ സംഘടിപ്പിച്ചു. 8 രാജ്യങ്ങളിൽ നിന്നുള്ള 13 വിദേശ അതിഥികളും, മറ്റ് സംസ്ഥാനങ്ങളിൽ നിന്നുള്ള 35 കായിക വിദഗ്ധരും പങ്കെടുത്തു. ഉച്ചകോടിയുടെ ഭാഗമായി സെമിനാർ സെഷനുകൾ, ഇൻവെസ്റ്റേഴ്സ് മീറ്റ്, സ്റ്റാർട്ട് അപ് മീറ്റുകൾ, എക്സിബിഷൻ, ഇ-സ്പോർട്സ്, സാഹസിക കായിക വിനോദങ്ങളുടെ പ്രദർശനം, സ്പോർട്സ് സിനിമാ ഫെസ്റ്റിവൽ എന്നിവയും സംഘടിപ്പിച്ചു. സമ്മിറ്റിനു മുന്നോടിയായി ജില്ലാ സമ്മിറ്റുകൾ, തദ്ദേശ തലത്തിൽ മൈക്രോ സമ്മിറ്റുകൾ, കാസർഗോഡ് മുതൽ തിരുവനന്തപുരം വരെ സൈക്ലത്തോൺ, കെ-വാക്ക് എന്ന പേരിൽ കൂട്ടനടത്തം എന്നിവയും സംഘടിപ്പിച്ചു. |
| (ബി) | കേരളത്തിന്റെ കായിക മുന്നേറ്റത്തിന് ഊർജ്ജം പകരുന്നതിനും സ്പോർട്സ് സമ്പദ്‌വ്യവസ്ഥ എന്ന ലക്ഷ്യത്തിലേക്ക് ചുവടുവയ്ക്കുന്നതിനും കായിക ഉച്ചകോടി എത്രത്തോളം സഹായകമാകും എന്നാണ് പ്രതീക്ഷിക്കുന്നത്; വിശദമാക്കുമോ? | (ബി) | കായിക നയത്തിലെ സുപ്രധാന കാഴ്ചപ്പാടായ കായിക സമ്പത്ത് വ്യവസ്ഥ വളർത്തുന്നതിൽ ഇന്റർനാഷണൽ സ്പോർട്സ് സമ്മിറ്റ് കേരള-2024 ഒരു വലിയ ചുവടുവെപ്പാണ്. ഇന്ത്യയിൽ തന്നെ ആദ്യമായി സംഘടിപ്പിച്ച കായിക ഉച്ചകോടി കേരളത്തിന്റെ കായിക മേഖലയ്ക്ക് പുതിയ ദിശാബോധം നൽകി. കായിക രംഗത്തേക്കുള്ള നിക്ഷേപങ്ങളുടെ കാര്യത്തിനും വികേന്ദ്രീകൃത ആസൂത്രണത്തിന് തുടക്കമിടുന്നതിനും വലിയ ചലനം |

| | | | |
|---|---|---|---|
| | | | ഉണ്ടാക്കാൻ കഴിഞ്ഞു. കായിക മേഖലയിൽ നിന്നും സംസ്ഥാനത്തിന്റെ ജി. ഡി. പി. യിലേയ്ക്കുള്ള വിഹിതം വലിയ തോതിൽ വർദ്ധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.<br><br>ഏകദേശം 50 ബില്യൺ രൂപയുടെ നിക്ഷേപ വാഗ്ദാനം ഉണ്ടായി. അടിസ്ഥാന സൗകര്യങ്ങൾ, കായിക അനുബന്ധ വ്യവസായങ്ങൾ, പുതിയ ലീഗുകൾ, കായിക സ്റ്റാർട്ടപ്പുകൾ, അക്കാദമികൾ തുടങ്ങിയ രംഗങ്ങളിൽ നിക്ഷേപങ്ങൾക്ക് ധാരണയുണ്ട്. അതിവേഗം വളരുന്ന ഇസ്പോർട്സ് രംഗത്തും മികച്ച നിക്ഷേപം ആകർഷിക്കാൻ കഴിഞ്ഞു. അയ്യായിരം കോടിയിലധികം രൂപയുടെ നിക്ഷേപം കായിക മേഖലയിൽ വരുന്നതോടെ പതിനായിരത്തിലധികം തൊഴിലവസരങ്ങൾ ഒരു വർഷം കൊണ്ട് സൃഷ്ടിക്കപ്പെടുമെന്ന് കണക്കാക്കുന്നു.<br><br>കേരളത്തിൽ നിലനിൽക്കുന്ന കായിക സാധ്യതകൾ ലോകത്തിനു മുന്നിൽ തുറന്നുകാണിക്കാനും വിദേശരാജ്യങ്ങളിൽ വിജയകരമായ പല മാതൃകകളും കായിക മേഖലയിലെ നവീന, ശാസ്ത്ര, സാങ്കേതിക രീതികളും പരിചയപ്പെടാനും ഉച്ചകോടി സഹായിച്ചു.<br><br>വിവിധ തദ്ദേശ സ്ഥാപനങ്ങൾ, കായിക അസോസിയേഷനുകൾ, ജില്ലാ സ്പോർട്സ് കൗൺസിലുകൾ തുടങ്ങിയവർ സമ്മിറ്റിൽ അവതരിപ്പിച്ച കായിക പദ്ധതികൾ എല്ലാവർക്കും സ്പോർട്സ് എന്ന കായിക നയത്തിന്റെ അടിസ്ഥാന ആശയം നടപ്പാകാനും കമ്മ്യൂണിറ്റി സ്പോർട്സ് രൂപപ്പെടാനും സഹായമാകും. |

സെക്ഷൻ ഓഫീസർ